പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

11.03.2015 -ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ. 931

## സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളി വിരുദ്ധ നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ. പി.ബി.അബ്ദുൾ റസാക്<br>ശ്രീ.പി.കെ.ബഷീർ<br>ശ്രീ.എം.ഉമ്മർ: | ശ്രീ . ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) സ്വകാര്യതൊഴിൽ മേഖലയിൽ തൊഴിൽ വകുപ്പ് നടത്തുന്ന പരിശോധനകളിൽ കണ്ടുവരുന്ന പ്രധാന ക്രമക്കേടുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം രജിസ്ട്രേഷൻ/ലൈസൻസ് എന്നിവ എടുക്കാതിരിക്കൽ, തൊഴിൽ നിയമ പ്രകാരമുള്ള രജിസ്റ്ററുകളും റിക്കാർഡുകളും സൂക്ഷിക്കാതിരിക്കുക, തൊഴിൽ നിയമ പ്രകാരമുള്ള മിനിമം കൂലിയും മറ്റാനുകൂല്യങ്ങളും നൽകാതിരിക്കുക, നിയമ പ്രകാരമുള്ള അവധി ദിനങ്ങളും അവധി ദിനവേതനവും അനുവദിക്കാതിരിക്കുക, സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതിരിക്കുക തുടങ്ങിയ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ട്. ഇത്തരം നിയമലംഘനങ്ങൾക്കെതിരെ തൊഴിൽ വകുപ്പിലെ ബന്ധപ്പെട്ട ഇൻസ്പെക്ടർമാർ സ്വകാര്യ സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കാറുണ്ട്. 2014 – ൽ വിവിധ സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതിൽ ക്രമക്കേടുകൾ കണ്ടെത്തിയ 3399 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷനും 1190 സ്ഥാപനങ്ങൾക്കെതിരെ ക്ലെയിം പെറ്റീഷനും 53 സ്ഥാപനങ്ങൾക്കെതിരെ സ്റ്റോപ്പ് മെമ്മോയും നൽ കിയിട്ടുണ്ട്. |
| (ബി) സ്വകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് തുടർച്ചയായ ജോലി സമയങ്ങൾക്കിടെ ഇരുന്നു വിശ്രമിക്കാനുള്ള സൗകര്യം നിഷേധിക്കുന്നതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) തൊഴിൽ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കച്ചവട സ്ഥാപനങ്ങളിൽ പരിശോധന നടത്തുമ്പോൾ ജീവനക്കാർക്ക് വിശ്രമവേളകളിൽ ഇരിക്കുവാനുള്ള സൗകര്യം ലഭ്യമാക്കണമെന്ന് തൊഴിലുടമകൾക്ക് നിർദ്ദേശം നൽ കാറുണ്ട്. കൂടാതെ KS&CE, ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ ചട്ടം, രൂപീകരിക്കാനും, നിലവിലെ ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് വിശ്രമത്തിനും വിശ്രമ വേളകളിൽ ഇരിക്കാനുമുള്ള സൗകര്യം |

കൂടി തൊഴിലുടമ സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ക്രെഷ്, ടോയ്ലറ്റ് സൗകര്യം സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടെയുള്ള ഭേദഗതി സർക്കാറിന്റെ പരിഗണനയിലാണ്. ചട്ടം പ്രാബല്യത്തിൽ വരുന്നതോട് കൂടി തൊഴിലാളികൾക്ക് വിശ്രമവേളകളിൽ ഇരിക്കുന്നതിനുള്ള, സാഹചര്യം നൽകുവാൻ തൊഴിലുടമകൾ നിർബന്ധിതരാകും.

(സി) സംസ്ഥാനത്തെ സ്വകാര്യ അൺ എയിഡഡ് സ്കൂളുകളിൽ നടക്കുന്ന തൊഴിൽ നിയമ ലംഘനങ്ങൾക്കും തൊഴിലാളി വിരുദ്ധ നടപടികൾക്കുമെതിരെ തൊഴിൽ വകുപ്പ് കർശന നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

(സി) അൺ എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് - 1947 പ്രകാരം 'വർക്ക്മെൻ' എന്ന നിർവ്വചനത്തിലോ മിനിമം വേജസ് ആക്ട്, 1948 സെക്ഷൻ (2) പ്രകാരം 'എംപ്ലോയി' എന്നതിന്റെ നിർവ്വചനത്തിലോ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ടി ജീവനക്കാരെ 'തൊഴിലാളികളായി' പരിഗണിക്കാൻ കഴിയില്ല. എന്നാൽ അദ്ധ്യാപക ഇതര ജീവനക്കാരുടെ പരാതികളിൽ തൊഴിൽ വകുപ്പ് പരിഹാരം കാണാറുണ്ട്. അനദ്ധ്യാപകർക്ക് നൽകേണ്ടതായ മിനിമം വേതനത്തെ സംബന്ധിച്ച് 12/09/2011 ലെ GO (P) No. 155/2011/LBR സർക്കാർ ഉത്തരവിലൂടെ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇതിനു പുറമേ പരാതികൾ ലഭിക്കുന്ന സ്കൂളുകളിൽ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തുകയും, അനദ്ധ്യാപകരുടെ മിനിമം വേതനം, അവധി, ജോലി സുരക്ഷ മുതലായവ നൽകുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുള്ള സ്ഥാപന മാനേജ്മെന്റുകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് മിനിമം വേതനം നടപ്പിലാക്കുന്നതിനായി 'The Kerala payment of Minimum Wages to Teachers of un-aided Educational Institutions Bill 2014' ന്റെ കരട് സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ